LIBRARY ARCHIVES Kerala Legislative Assembly

മണലൂർ മണ്ഡലത്തിലെ പാവറട്ടി സെന്ററിന്റെ വികസനം

12 (761) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി സെന്റർ വികസന പ്രവൃത്തിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

Improvements to Pavaratty Centre, construction of drain and signal system in Thriprayar-Kanjani-Chavakkad road എന്ന പ്രവൃത്തിക്ക് 12-12-2019-ലെ സ.ഉ. (സാധാ) നമ്പർ 1460/2019/പൊ.മ.വ. പ്രകാരം 250 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്തുമോ?

(സി) വളരെയേറെ ഗതാഗതക്കുരുക്കനുഭവപ്പെടുന്ന സെന്ററിന്റെ വികസനം അടിയന്തരമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) 12-3-2020-ന് ശ്രീ. മുരളി പെരുനെല്ലി എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ പാവറട്ടി പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ കൂടിയ യോഗത്തിൽ പ്രസ്തുത പ്രവൃത്തി നടപ്പാക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്തു. പുറമ്പോക്ക് ഭൂമിയുണ്ടെങ്കിൽ കണ്ടെത്തുന്നതിനായി പുളിഞ്ചേരിപ്പടി മുതൽ കാശ്മീർ റോഡ് വരെയും പാവറട്ടി കൾച്ചറൽ ഓഡിറ്റോറിയം മുതൽ കോൺവെന്റ് സ്റ്റോപ്പ് വരെയും സർവ്വേ നടത്തി അതിർത്തി നിർണ്ണയിക്കണമെന്നും ഇതിന്റെ സർവ്വേ സ്കെച്ച് ലഭിച്ചതിനുശേഷം വിശദമായ സാങ്കേതികാനുമതി എസ്റ്റിമേറ്റ് സമർപ്പിക്കണമെന്നും യോഗത്തിൽ തീരുമാനിച്ചു. സർവ്വേ നടത്തി അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനും സ്ഥലമേറ്റെടുത്ത് പുതിയ അലൈൻമെന്റ് ഡ്രോയിംഗ് തയ്യാറാക്കുന്നതിനുമുള്ള പ്രവൃത്തിക്ക് 1,28,000 രൂപയുടെ പാർട്ട് സാങ്കേതികാനുമതി നൽകിയിരുന്നു. അതിൻപ്രകാരം 3 ടെണ്ടറുകളും ഇ-ക്വട്ടേഷനും ചാവക്കാട് സബ് ഡിവിഷനിൽനിന്ന് നടത്തിയിരുന്നു. എന്നാൽ ആരുംതന്നെ സർവ്വേ പ്രവൃത്തി ഏറ്റെടുത്തിട്ടില്ല. അതിനാൽ മാന്വൽ ക്വട്ടേഷൻ വഴി ഉടൻ സർവ്വേ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.